പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1000 02.12.2015 -ൽ മറുപടിക്ക്

## സംസ്ഥാനത്ത് നിന്ന് തൊഴിൽ തേടി പോകുന്നവരുടെ വിശദപഠനം

**ചോദ്യം**

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

**ഉത്തരം**

**ശ്രീ.ഷിബു ബേബി ജോൺ**
**(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് നിന്ന് തൊഴിൽ തേടി മറ്റു രാജ്യങ്ങളിലേക്കും മറ്റു സംസ്ഥാന ങ്ങളിലേക്കും പോകുന്നവരുടേയും, മറ്റു സംസ്ഥാന ങ്ങളിൽ നിന്നും തൊഴിൽ തേടി സംസ്ഥാനത്ത് എത്തുന്ന വരുടേയും കണക്കുകളും, ഇവർ നേരിടുന്ന തൊഴിൽപരവും, സാമ്പത്തികവും, സാമൂഹികവുമായ ചുറ്റുപാടുകളെ സംബന്ധിച്ച എന്തെങ്കിലും പഠനം തൊഴിൽ വകുപ്പ് നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എ) സംസ്ഥാനത്ത് നിന്ന് തൊഴിൽ തേടി മറ്റു രാജ്യങ്ങളിലേക്കും സംസ്ഥാന ങ്ങളിലേക്കും പോകുന്നവരുടെ കണക്ക് തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടില്ല. തൊഴിൽ വകുപ്പിന് വേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ ആന്റ് ഫിനാൻസ് (ഗിഫ്റ്റ്) നടത്തിയ പഠനത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും 25 ലക്ഷം തൊഴിലാളികൾ കേരളത്തിൽ തൊഴിൽ ചെയ്യുന്നതായി കണക്കാക്കിയിട്ടുണ്ട്.

ബി സംസ്ഥാനത്തെ സാമ്പത്തിക രംഗത്തെ വളർച്ചക്കും, പ്രവാസികളുടെ പുനരധിവാസത്തിനും, തൊഴിൽ മേഖലയിലെ നൈപുണ്യത്തിനായുള്ള പരിശീലനവും കോഴ്സുകളും തെരഞ്ഞെടുക്കുവാനുമുള്ള ഒരു പഠനത്തിന്റെ പ്രസക്തി ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ വിശദ പഠനത്തിന് നടപടി സ്വീകരിക്കുമോ ?

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ